**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 205 04.02.2013-ൽ മറുപടിയ്ക്ക്**

**കായികവകുപ്പിന്റെ കീഴിൽ എലീറ്റ് അക്കാഡമി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.പി.പി.അബ്ദുള്ളകുട്ടി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.സി.പി.മുഹമ്മദ്** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് കായികവകുപ്പിന്റെ കീഴിൽ എലീറ്റ് അക്കാഡമി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ), | കായികതാരങ്ങൾക്ക് അന്തർദ്ദേശീയ മത്സരങ്ങൾക്കായുള്ള തയ്യാറെടുപ്പ് നടത്താനുള്ള സൗകര്യങ്ങൾ സംസ്ഥാനത്ത് തന്നെ ലഭ്യമാക്കുന്നതിനായി സ്കൂൾ മീറ്റുകളിൽ അണ്ടർ 14 വിഭാഗത്തിൽ മികച്ച പ്രകടനത്തിലൂടെ ജേതാക്കളാകുന്ന കായികതാരങ്ങളെ തിരഞ്ഞെടുത്ത് ആധുനിക സൗകര്യങ്ങളും പരിശീലനവും നൽകി അന്തർദ്ദേശീയ തലത്തിൽ നേട്ടങ്ങൾക്ക് സജ്ജരാക്കുന്നതിന് വേണ്ടി സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) പ്രസ്തുത അക്കാഡമി സ്ഥാപിക്കുന്നതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | അന്തർദ്ദേശീയ മത്സരങ്ങൾക്കുള്ള തയ്യാറെടുപ്പ് നടത്തുന്നതിനായി മികച്ച സൗകര്യങ്ങൾ, ശാസ്ത്രീയപരിശീലനം എന്നിവ നൽകി, സംസ്ഥാനത്ത് നിന്നുള്ള അത്‌ലറ്റുകളെ അന്തർ ദേശീയ തലത്തിൽ നേട്ടങ്ങൾക്ക് സജ്ജരാക്കുക എന്നതാണ് കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യം. |
| (സി) വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നറിയിക്കുമോ ? | (സി) | സ്കൂൾ മീറ്റുകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന മെഡൽ ജേതാക്കളായ അത്‌ലറ്റുകളെ തെരഞ്ഞെടുത്ത് അവർക്ക് അത്യാധുനികമായ പരിശീലനത്തിന് വേണ്ട അടിസ്ഥാനസൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ട് ശാസ്ത്രീയമായ പരിശീലനവും വിദേശകോച്ചുകളുടെ സേവനവും ഉറപ്പാക്കി അവരെ അന്തർദ്ദേശീയ മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് എലൈറ്റ് അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്ററുകൾ. പ്രസ്തുത സെന്ററുകളിൽ വിദ്യാർത്ഥികൾക്കായി മാത്രം പ്രത്യേക സൗകര്യങ്ങൾ ഒന്നും ഒരുക്കുവാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ